പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1844 — 16.06.2014 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തടയുന്നതിനുള്ള ജാഗ്രതാ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്കൂൾ, കോളേജ് തലങ്ങളിൽ ജാഗ്രതാ സമിതികളും, 'നിർഭയകേരളം സുരക്ഷിത കേരളം', 'ഓപ്പറേഷൻ ഗുരുകുലം' മുതലായ പദ്ധതികളും കൂടാതെ പോലീസ് സ്റ്റേഷനുകളിൽ വുമൺ ഹെൽപ്പ് ഡസ്ക് സമ്പ്രദായവും വനിതാ സെല്ലിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ് ലൈനും സ്ത്രീകൾക്കും കുട്ടികൾക്കുമായി കൗൺസലിംഗ് നല്കുന്നത് സംബന്ധിച്ചുള്ള നടപടികളും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് രൂപീകരിച്ച ജാഗ്രതാ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തിയിട്ടുണ്ട്. |
| (സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പ്രസ്തുത ജാഗ്രതാസമിതികൾക്കു സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) ഉണ്ട്. ഇവയുടെ പ്രവർത്തനഫലമായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഒരു പരിധിവരെ തടയുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ